| ഗസറ്റ് തീയതി **09-07-2013**<br>അവസാനതീയതി **07-08-2013** |
|---|
| **Category No: 148/2013** |

ലീഗൽ മെട്രോളജി (അളവുകളും തൂക്കങ്ങളും) വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവന ക്കാരെ അതേ വകുപ്പിൽ തസ്തികമാറ്റം വഴി ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റുമാരായി നിയമിക്കുന്നതിനുള്ള എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ

ലീഗൽ മെട്രോളജി വകുപ്പിലെ (അളവുകളും തൂക്കങ്ങളും) ലാസ്റ്റ് ഗ്രേഡ് ജീവന ക്കാരിൽ നിന്നും അതേ വകുപ്പിൽ തസ്തികമാറ്റം വഴി ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റുമാരായി നിയമിക്കുന്നതിലേക്കുള്ള എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പ രീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു.

**1).** യോഗ്യത:–

**i).** മൂന്നാം ഫോറം പാസ്സായിരിക്കുകയോ അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കുകയോ വേണം.

**ii).** ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ **approved probationer or full member** ആയിരിക്കണം.

**2).** പ്രായപരിധി:– ബാധകമല്ല

**3).** പരീക്ഷ:– ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യ നിർണ്ണയം) ഒരു മണിക്കൂർ **15** മിനിട്ട് ദൈർഘ്യവും പരമാവധി **100** മാർക്കുമുള്ള പരീക്ഷയ്ക്കും തുടർന്ന് പ്രായോഗിക പരീക്ഷയ്ക്കും വിധേയരാകേണ്ടതാണ്.

**4).** അപേക്ഷാ ഫീസ്:– ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല

**5).** അപേക്ഷ സമർപ്പിക്കേണ്ട രീതി:– അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത ശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അയക്കേണ്ടതാണ്. വിശദ വിവരങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും പൊതു നിർദ്ദേശങ്ങൾ കാണുക.

കുറിപ്പ്:– **i)** വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേ ക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii). അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച പരീക്ഷാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത കൂടാതെ അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ ഓഫീസ് / വകുപ്പ് മേധാവിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ വീണ്ടും സമയം അനുവദിക്കുന്നതല്ല.

iii) OMR പരീക്ഷയ്ക്കും, പ്രായോഗിക പരീക്ഷയ്ക്കും 40% മാർക്ക് വീതം നേടുന്നവർ വിജയിക്കുന്നതാണ്.

6). <u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി</u> :- **07/08/2013** ബുധനാഴ്ച അർദ്ധരാത്രി **12** മണിവരെ.